കവർസ്റ്റോറി

സി. ദാവൂദ്

# പ്രണയത്തിനെതിരെ ജിഹാദ് വിളിക്കുന്നവർ




**നമ്മുടെ** കാലത്ത് മാധ്യമ വ്യവസായത്തെ നില നിർത്തുന്ന ഏറ്റവും പ്രധാനപ്പെട്ട രണ്ട് അസംസ്കൃത വസ്തുക്കൾ എന്തൊക്കെയാണ്? 1. പ്രണയം. 2. ജിഹാദ് അഥവാ ഇസ്‌ലാമിക തീവ്രവാദം. ഈ രണ്ട് ഉരുപ്പടികൾ സാധ്യമാവുന്ന മുഴുവൻ വന്യഭാവനകളോടെയും രുചിഭേദങ്ങളോടെയും വിസ്തരിച്ചവതരിപ്പിക്കാൻ ആർക്ക് കഴിഞ്ഞോ അവൻ മികച്ച മാധ്യമ സംരംഭകനാവും. ഇവ രണ്ടും വേണ്ടത്ര ലഭിക്കാതാവുമ്പോൾ മികച്ച ചേരുവകൾ ചേർത്ത് പാകം ചെയ്യാൻ പറ്റിയ കിച്ചൻ ജേണലിസ്റ്റുകൾ എല്ലാ പത്ര/ചാനലുകൾക്കും വേണ്ടതുപോലെയുണ്ട്. അങ്ങനെയിരിക്കുന്ന ഒരു സന്ദർഭത്തിൽ ഇവ രണ്ടും സമാസമം ചേർന്നൊരു സാധനം ഒത്തുകിട്ടിയാൽ എങ്ങനെയിരിക്കും? ലവ് ജിഹാദ് എന്നത് ആ അർഥത്തിൽ മാധ്യമങ്ങൾക്ക് കിട്ടിയ അത്യസാധാരണമായ അസുലഭ ചാകരയാണ്. പ്രണയവും ജിഹാദും

ഒരു ബിന്ദുവിൽ കേന്ദ്രീകരിക്കുമ്പോൾ അതിൽപരം സെൻസേഷനലിസം മറ്റെവിടുന്നു കിട്ടാൻ. കേരളത്തിൽ ഒന്നു രണ്ടാഴ്ചയായി തകർത്താടുന്ന മാധ്യമ കൊടുങ്കാറ്റിന്റെ യാഥാർഥ്യം പരിശോധിക്കുമ്പോൾ ഇക്കാര്യമാണ് നാം ഒന്നാമതായി അടിവരയിടേണ്ടത്.

മാധ്യമങ്ങൾക്ക് പ്രണയവും ജിഹാദും മികച്ച ചാകരയാണെങ്കിൽ ഇതിലെ രണ്ടാം കക്ഷിയായ സംഘ്പരിവാറിന് ഇത് രണ്ടും ആജന്മ ശത്രുക്കളാണ്. അവർ പ്രണയത്തിനെതിരെ പണ്ടേ ധർമയുദ്ധം പ്രഖ്യാപിച്ചവരാണ്. ആര് ആരെ എങ്ങനെ പ്രണയിക്കണമെന്ന് തങ്ങളുടെ സദാചാരപ്പോലീസ് തീരുമാനിക്കുമെന്നാണ് സംഘ്പരിവാർ നിലപാട്. ബാംഗ്ലൂരിലും മംഗലാപുരത്തുമെല്ലാം പ്രണയത്തിനെതിരായ ജിഹാദ് അവർ നേരത്തേ തുടങ്ങിയതാണ്. 'ജിഹാദി'കൾക്കെതിരെയും അവർ പണ്ടേക്കു പണ്ടേ ജിഹാദ് പ്രഖ്യാപിച്ചിട്ടുണ്ട്. അങ്ങനെ ജിഹാദികൾക്കെതിരെയും പ്രണയിനികൾക്കെതിരെയും ഒരേ സമയം കുരുക്ഷേത്രയുദ്ധം നടത്താൻ അവർക്ക് കിട്ടിയ സന്ദർഭമാണ് ലവ് ജിഹാദ് ഒരുക്കിക്കൊടുത്തത്. മാധ്യമങ്ങൾക്കും സംഘ്പരിവാറിനും ഒരു വിഷയത്തിൽ അമിത താൽപര്യം വന്നു കഴിഞ്ഞാൽ നമ്മുടെ നാട്ടിൽ എന്തു പുഴുവരിക്കുന്ന വൃത്തികേടും പത്തരമാറ്റ് സ്വർണത്തിളക്കത്തോടെ വിറ്റഴിക്കാൻ കഴിയുമെന്നതാണ് കാര്യം. അതിനാൽ ആ കച്ചവടമാണ് ഇപ്പോൾ പൊടിപൊടിക്കുന്നത്.

## പ്രചാരണങ്ങളുടെ പോക്ക്

ദേശീയതലത്തിൽ തന്നെ കൊണ്ടു പിടിച്ച പ്രചാരണങ്ങളാണ് ഈ വിഷയത്തിൽ സംഘ്പരിവാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. ദൽഹിയിലെ പ്രശസ്തമായ ജവഹർലാൽ നെഹ്റു യൂനിവേഴ്സിറ്റിയിൽ വരെ ലവ് ജിഹാദ് എരിവുള്ള പ്രചാരണ വിഷയമായിക്കഴിഞ്ഞു. ഈ വിഷയകമായി ജെ.എൻ.യുവിൽ ഇറങ്ങിയ അരഡസനോളം ലഘുലേഖകൾ ഇതെഴുതുമ്പോൾ ഈ ലേഖകന്റെ മേശപ്പുറത്തുണ്ട്. അവസാനം ജെ.എൻ.യു അധികൃതർക്ക് തന്നെ വിഷയത്തിൽ ഇടപെടേണ്ടിവന്നു. മത-സാമൂഹിക മൂല്യങ്ങളെ പരിക്കേൽപിക്കുന്നതും അനാദരിക്കുന്നതുമായ ലഘുലേഖകളും നോട്ടീസുകളും പ്രചരിപ്പിക്കുന്നതിൽ നിന്ന് വ്യക്തികളും സംഘടനകളും പിന്തിരിയണമെന്നാവശ്യപ്പെട്ടുകൊണ്ട് ജെ.എൻ.യു അസി. ഡീൻ ഓഫ് സ്റ്റുഡന്റ്സ് വെൽഫയർ സച്ചിദാനന്ദ സിൻഹ സർക്കുലർ ഇറക്കിയിരിക്കുകയാണ്. കൗതുകകരമായ സംഗതി *മലയാള മനോരമ*, *കേരള കൗമുദി* എന്നീ പത്രങ്ങളെ ഉദ്ധരിച്ചും പ്രശംസിച്ചും കൊണ്ടാണ് എ.ബി.വി.പി ജെ.എൻ.യു ഘടകത്തിന്റെ രണ്ടു പുറം വരുന്ന ലഘുലേഖ ആരംഭിക്കുന്നത് തന്നെ. രാജ്യത്തെ മറ്റു മാധ്യമങ്ങൾ 'സൗകര്യപൂർവം മറച്ചുവെച്ച യാഥാർഥ്യങ്ങൾ' *മനോരമ*യും *കൗമുദി*യും പുറത്ത് കൊണ്ടുവന്നതിൽ എ.ബി.വി.പി ലഘുലേഖക്ക് വലിയ സന്തോഷമുണ്ട്. *മനോരമ*യുടെ 'ലവ് ബോംബ്' എന്ന പ്രയോഗം എ.ബി.വി.പിക്കാർക്ക് നന്നായി പിടിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിൽ ഈ പത്രങ്ങൾ തന്നെ ധാരാളം എന്ന് കരുതിയതുകൊണ്ടാകാം എ.ബി.വി.പി അങ്ങനെയൊരു ലഘുലേഖയിറക്കാനൊന്നും മെനക്കെട്ടിട്ടില്ല. സംഘ്പരിവാറിനും മാധ്യമങ്ങൾക്കും പിന്നാലെ ബഹുമാനപ്പെട്ട ഹൈക്കോടതിയും കേരളാ കാത്തലിക് ബിഷപ്പ്സ് കൗൺസിലും എസ്.എൻ.ഡി.പി നേതാവ് വെള്ളാപ്പള്ളി നടേശനുമെല്ലാം പ്രണയത്തിനെതിരായ ജിഹാദീ മുന്നണിയിൽ അണിചേർന്നു കഴിഞ്ഞു.

എന്താണ് ഇവർ പ്രചരിപ്പിക്കുന്ന പ്രണയ ജിഹാദ്? അവരുടെ തന്നെ വിവരണ പ്രകാരം മുസ്‌ലിം ചെക്കന്മാർ ഹിന്ദു-ക്രിസ്ത്യൻ പെൺകുട്ടികളെ പ്രണയിക്കു

ന്നു. ഇങ്ങനെ പ്രണയിക്കാൻ പ്രത്യേക സെല്ലുകളുണ്ട്. അവർക്ക് സോണൽ കോ-ഓർഡിനേറ്റർമാരുണ്ട്. മൊബൈൽ ഫോൺ, ബൈക്ക് സാമഗ്രികൾ കോ-ഓർഡിനേറ്റർമാർ ഒരുക്കിക്കൊടുക്കുന്നു. അങ്ങനെ പെൺകുട്ടികളെ പ്രണയക്കുരുക്കിൽ പെടുത്തുന്നു. മതം മാറ്റുന്നു. തീവ്രവാദ പ്രവർത്തനത്തിലേക്ക് ആകർഷിക്കുന്നു. തീവ്രവാദ ക്ലാസുകൾ നൽകുന്നു. തീവ്രവാദ സി.ഡികളും അശ്ലീല സി.ഡികളും കാണിക്കുന്നു. പ്രകൃതി വിരുദ്ധ ലൈംഗിക ബന്ധങ്ങൾക്ക് നിർബന്ധിക്കുന്നു! ജെ.എൻ.യു ലഘുലേഖയിൽ അൽപംകൂടി വിവരങ്ങളുണ്ട്. ഒരു ലക്ഷം രൂപയാണത്രെ ഓരോ കാമുകനുമുള്ള പ്രതിഫലം. പണം വരുന്നത് മിഡിൽ ഈസ്റ്റിൽ നിന്ന്. പെൺകുട്ടികളെ വലയിലാക്കുന്ന രീതിയും അവർ പറയുന്നു. സംസ്ഥാനത്ത് ജിഹാദികൾ നടത്തുന്ന നിരവധി മൊബൈൽ റീചാർജ് ഷോപ്പുകളുണ്ട്. ഈ ഷോപ്പുകളിൽ ഹിന്ദു-ക്രിസ്ത്യൻ പെൺകുട്ടികൾ റീചാർജ് ചെയ്യാൻ വരുമ്പോൾ അവരുടെ നമ്പർ നോട്ട് ചെയ്യുന്നു. പിന്നീട് എസ്.എം.എസ്, ഫോൺവിളി എന്നിവയിലൂടെ പ്രണയം മുന്നേറുന്നു. കോഴിക്കോട് പാളയം, എടപ്പാൾ എന്നിവിടങ്ങളിൽ ഇതിനായി തയാറാക്കിയ നിരവധി റീചാർജ് കടകളുണ്ടെന്നാണ് ജെ.എൻ.യുവിലെ സംഘി ഗവേഷകർ കണ്ടെത്തിയിരിക്കുന്നത്. റീചാർജ് കട ഉടമകൾ ജാഗ്രതൈ! ഒരു *മനോരമ*-സംഘ്പരിവാർ-ഇന്റലിജൻസ് സംയുക്ത റെയ്ഡ് ഉടൻ പ്രതീക്ഷിക്കുക.

എങ്ങനെയുണ്ട് കോമ്പിനേഷൻ? പ്രണയം, മതം, തീവ്രവാദം, തീവ്രവാദ സി.ഡി, അശ്ലീല സി.ഡി, പ്രകൃതി വിരുദ്ധ ലൈംഗികത-കിടിലനായിരിക്കുന്നു! നമ്മുടെ മാധ്യമ പ്രവർത്തകർ ഇപ്പോഴാണ് ശരിക്കും അന്താരാഷ്ട്ര നിലവാരത്തിലേക്ക് വന്നത്. അന്താരാഷ്ട്ര തലത്തിൽ മയക്കുമരുന്നു കച്ചവടമാണ് ഇസ്‌ലാമിക തീവ്രവാദത്തോടൊപ്പം ചേർത്ത് പ്രചരിപ്പിക്കാറുള്ളത്. *ന്യൂയോർക്ക് ടൈംസ്* മയക്കുമരുന്നിനെക്കുറിച്ച് പറയുമ്പോൾ *മനോരമയും കൗമുദി*യും പ്രകൃതിവിരുദ്ധ ലൈംഗികതയെക്കുറിച്ച് പറയുന്നു. അങ്ങനെ ഇസ്‌ലാമിനോടും മുസ്‌ലിം ചെറുപ്പക്കാരോടും സമൂഹത്തിൽ വെറുപ്പും അറപ്പുമുണ്ടാക്കാൻ പറ്റുന്ന എന്തെല്ലാം ചെയ്യാൻ പറ്റുമോ അതാണ് മാധ്യമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. *മനോരമ*, *കേരള കൗമുദി, കലാകൗമുദി, കേരള ശബ്ദം* എന്നീ പ്രസിദ്ധീകരണങ്ങൾ മാന്യതയുടെയും മര്യാദയുടെയും സകല സീമകളും ലംഘിച്ചുകൊണ്ടാണ് ഈ സംഘ്പ്രചാരണം ഏറ്റെടുത്തിരിക്കുന്നത്. ഹിന്ദു ഗർഭപാത്രങ്ങളിൽ മുസ്‌ലിം ബീജങ്ങൾ നിക്ഷേപിക്കാൻ ആസൂത്രിത പദ്ധതി തയാറായിരിക്കുന്നുവെന്നാണ് *കലാകൗമുദി* വാരിക എഴുതിയിരിക്കുന്നത്. തൊഗാഡിയ ഇങ്ങനെ വിഷം കോരിയിട്ടാൽ നമുക്ക് മനസ്സിലാക്കാം. പക്ഷേ, പുരോഗമന പാരമ്പര്യമുള്ള ശ്രീനാരായണീയരുടെ ഒരു പ്രസിദ്ധീകരണം ഇങ്ങനെ എഴുതുന്നെങ്കിൽ അകത്തളങ്ങളിൽ എന്തൊക്കെയോ ഗൂഢപദ്ധതികൾ രൂപപ്പെടുന്നുവെന്ന് തന്നെയാണ് മനസ്സിലാക്കേണ്ടത്. ഒരുപക്ഷേ, ശരീഅത്ത് വിവാദത്തിനു ശേഷം മുസ്‌ലിംകൾക്കെതിരെ മാധ്യമങ്ങളും സംഘ്പരിവാറും നടത്തുന്ന ഏറ്റവും വിഷലിപ്തമായ സംയുക്ത ഓപറേഷനായിരിക്കും ഇത്. ശരീഅത്ത് വിവാദം കോടതി സൃഷ്ടിച്ച് മാധ്യമങ്ങൾ ഏറ്റെടുത്തതാണെങ്കിൽ ലവ് ജിഹാദ് മാധ്യമങ്ങൾ സൃഷ്ടിച്ച് കോടതി ഏറ്റെടുത്തതാണ്.

നാട്ടിൽ നടന്ന് വിജയിച്ചതും പരാജയപ്പെട്ടതുമായ സകല പ്രണയ കേസുകളും ലൈംഗികാതിക്രമ കേസുകളും ലവ് ജിഹാദിന്റെ കണക്കിൽ പെടുത്തി അവതരിപ്പിക്കുകയാണിപ്പോൾ. ആലപ്പുഴ അമ്പലപ്പുഴയിൽ മൂന്ന് പ്ലസ്ടു വിദ്യാർഥിനികൾ ആത്മഹത്യ ചെയ്ത സംഭവവും ലവ് ജിഹാദിന്റെ ഭാഗമാണെന്നാണ് *കലാകൗമുദി*യും *കേരള ശബ്ദ*വും കണ്ടെത്തിയിരിക്കുന്നത്. പാലക്കാട് വിവാഹാഭ്യർഥന

നിരസിച്ച കാമുകിയെ കാമുകൻ വെട്ടിക്കൊന്നതും ലവ് ജിഹാദിന്റെ ഭാഗം തന്നെ. *കേരള ശബ്ദം* തരുന്ന കൂടുതൽ വിവരങ്ങൾ ശ്രദ്ധിക്കുക: "ഒരു ഇരക്ക് രണ്ടു ലക്ഷം രൂപ വരെ പാരിതോഷികം. കൂടാതെ ദൈനംദിന ചെലവിന് വേറെയും. സംസ്ഥാനത്ത് ഓരോ ദിവസവും കാണാതാവുന്നത് 8 പെൺകുട്ടികളെ.....കേരളത്തിൽ തീവ്രവാദ പ്രസ്ഥാനത്തിലേക്ക് സ്ത്രീകളുടെ റിക്രൂട്ട്മെന്റുകൾ വർധിക്കുന്നു. രാജ്യത്തെ തീവ്രവാദ റിക്രൂട്ട്മെന്റ് ഏജന്റുമാരായ 4 വനിതകളിൽ രണ്ടു പേർ മലയാളി. കേന്ദ്ര ഇന്റലിജൻസ് ഏജൻസി ദക്ഷിണേന്ത്യയിലെ നാല് വനിതാ റിക്രൂട്ട്മെന്റ് കേന്ദ്രങ്ങളിൽ പഴയങ്ങാടി, മഞ്ചേരി, കഴക്കൂട്ടം എന്നിവിടങ്ങൾ ഉൾപ്പെടുന്നുവെന്ന് റിപ്പോർട്ട് ചെയ്യുന്നു. തദ്ദേശീയ കേന്ദ്രങ്ങളിൽ ആദ്യ പരിശീലനം. പിന്നീട് തീവ്രവാദ പരിശീലന ക്യാമ്പ്. രണ്ടാം ഘട്ട പരിശീലനം വിജയകരമായി പൂർത്തീകരിച്ചാൽ പാക് അധീന കശ്മീരിലെ പിംബർ, പതിഡാർ, കോട്ലി എന്നിവിടങ്ങളിൽ പരിശീലനം. ചാവേർ പരിശീലനവും ഇവിടെ. സംസ്ഥാനത്തു നിന്ന് കാണാതായ പെൺകുട്ടികൾ എവിടെ? പാക് അധീന കശ്മീരിലെ ചാവേർ പരിശീലന കേന്ദ്രങ്ങളിലോ? പാകിസ്താനിലെ ചുവന്ന തെരുവായ ഹീരാമന്ദിയിലോ?" (*കേരള ശബ്ദം* 01 നവംബർ. എം. ആർ അജയന്റെ റിപ്പോർട്ട്). കമലാ സുറയ്യയുടെ മരണത്തിന് ശേഷം തിങ്കളാഴ്ച ഉച്ചക്ക് എറണാകുളം ടൗൺഹാളിൽ നടന്ന ജുമുഅ നമസ്കാരം ജമാഅത്തെ ഇസ്‌ലാമിക്കാർ തടഞ്ഞു എന്ന് 'അന്വേഷണാത്മക' റിപ്പോർട്ട് എഴുതിയ പൂമാനാണ് ഈ അജയൻ! കാളകൂടമൊഴുക്കുന്നതിനിടയിൽ തിങ്കളാഴ്ച ജുമുഅയേ ഇല്ല എന്ന കാര്യം ടിയാൻ മറന്നു പോയി.

കമലാ സുറയ്യയുടെ ഇസ്‌ലാം ആശ്ലേഷവും ലവ് ജിഹാദിന്റെ ഭാഗമാണെന്നാണ് ഹിന്ദു ഐക്യവേദി നേതാവിനെ ഉദ്ധരിച്ച് ഇതേ റിപ്പോർട്ടർ പറയുന്നത്! ഇദ്ദേഹത്തിന്റെ മറ്റൊരു വൈജ്ഞാനിക വൈഭവം കാണാൻ ഇതേ റിപ്പോർട്ടിലെ മറ്റൊരു ഭാഗം ശ്രദ്ധിക്കുക: "മതപരിവർത്തനത്തിന് വിധേയമാകും മുമ്പ് പെൺകുട്ടികളെ മതത്തെ സംബന്ധിച്ച് പഠിപ്പിക്കും. മരണാനന്തര ജീവിതം, അൽഖിതായ കർമ ശാസ്ത്ര ദർശനം, ജീവിതം, തനബയുടെ മഹത്വങ്ങൾ, നബവി നിമിഷങ്ങൾ, സിക്സ് പോയിന്റ് ഓഫ് തബ്‌ലിഖ്, ഖിയാമന്നിന്റെ അടയാളങ്ങൾ, തടവറയിൽ നിന്ന് പള്ളിയിലേക്ക് എന്ന് തുടങ്ങിയ പുസ്തകങ്ങളാണ് ഇവരെ പഠിപ്പിക്കുന്നത്'. എന്തോ, ഈ പ്രണയിനികൾ മഹാഭാഗ്യവതികൾ തന്നെ. കേരളത്തിലെ മുസ്‌ലിംകൾ ഇതുവരെ കേൾക്കുകയോ കാണുകയോ ചെയ്യാത്ത പുസ്തകങ്ങൾ വരെ ഇവർക്ക് വായിക്കാനും പഠിക്കാനും കിട്ടുന്നുവല്ലോ. ലേഖകൻ ചൂണ്ടിക്കാട്ടിയ തലക്കെട്ടുകളിലെ പല പുസ്തകങ്ങളും ലോകത്ത് ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ടതായി കേട്ടുകേൾവി പോലുമില്ല. അന്വേഷണാത്മക പത്രപ്രവർത്തനത്തിൽ എന്തും സംഭവിക്കുമെന്ന് മനസ്സിലാക്കിയാൽ മതി. ഇന്റലിജൻസ് ഏജൻസി പറഞ്ഞുവെന്ന വാചകം കൂട്ടിച്ചേർത്താൽ ഏത് പെരുംനുണയും വാർത്തയായി വിളമ്പാം എന്നാണ് ഇത് കാണിക്കുന്നത്. ഏജൻസി എപ്പോൾ എവിടെ ഏത് രേഖയിൽ പറഞ്ഞുവെന്ന് പക്ഷേ ആരും വ്യക്തമാക്കാറില്ല.

## കോടതിയുടെ കാര്യം

ഭരണഘടനയും നിയമ ഗ്രന്ഥങ്ങളും അനുസരിച്ച് വിധികൽപിക്കുന്ന സ്ഥാപനങ്ങളാണ് കോടതികൾ എന്നാണ് വെപ്പ്. എന്നാൽ അടുത്ത കാലത്തായി പല കോടതി വിധികളും മാധ്യമങ്ങൾ സൃഷ്ടിക്കുന്ന വാർത്താ ഹിസ്റ്റീരിയക്ക് അടിപ്പെട്ടുപോകാറുണ്ട് എന്നതാണ് വാസ്തവം. നമ്മുടെ പൊതുബോധത്തെ നിയന്ത്രിക്കുന്ന സവർണ

## ‘ആക്ഷേപങ്ങളും അഭിപ്രായങ്ങളും’ ആരുടേത്?

പത്രങ്ങളുടെയും ആനുകാലികങ്ങളുടെയും പ്രധാനപ്പെട്ടൊരു ഭാഗമാണ് വായനക്കാർക്കുള്ള കോളം. കത്തുകൾ പംക്തി എന്നു പൊതുവെ പറയും. വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ അവസരം നൽകുന്ന അങ്ങേയറ്റം ജനാധിപത്യപരമായ ഒരു കോളം എന്ന് നാം അതിനെക്കുറിച്ച് വിചാരിക്കുന്നുണ്ട്. എന്നാൽ പലപ്പോഴും വായനക്കാരുടെ ആവിഷ്കാരങ്ങളെക്കാൾ പത്രാധിപരുടെ ആവിഷ്കാരങ്ങൾക്കാണ് ഇവിടെ ഇടം ലഭിക്കുക. പത്രാധിപർക്ക് ഇഷ്ടപ്പെട്ട എഴുത്തുകാരെയും ലേഖകരെയും ഇകഴ്ത്താനും പുകഴ്ത്താനും ഈ പംക്തി വിദഗ്ധമായി ഉപയോഗിക്കാനറിയുന്നവരുണ്ട്. പത്രത്തിന്റെ വാർത്താ കോളങ്ങളിൽ പറയാൻ കഴിയാത്ത കാര്യങ്ങൾ വായനക്കാരുടെ പേരിൽ ഈ പംക്തിയിലൂടെ അടിച്ചു വിടാം. അതിനെക്കുറിച്ച് ചോദിച്ചാൽ ‘ഹോ, അത് വായനക്കാരുടെ കോളമല്ല്യോ’ എന്ന് മറുപടി പറഞ്ഞൊഴിയുകയും ചെയ്യാം.

ഈ കലയെ ഏറ്റവും നന്നായി വികസിപ്പിച്ച മലയാളത്തിലെ ദിനപത്രമാണ് *മാതൃഭൂമി*. ‘ആക്ഷേപങ്ങളും അഭിപ്രായങ്ങളും’ എന്ന ‘വായനക്കാരുടെ’ പംക്തി മാധ്യമ ഗവേഷകർക്ക് മികച്ചൊരു പഠനവിഷയമാക്കാവുന്നതാണ്. തികവാർന്ന മതേതര പ്രസിദ്ധീകരണമെന്ന നാട്യം കാത്തുസൂക്ഷിക്കുന്ന പത്രമാണ് *മാതൃഭൂമി*. അതേ സമയം, സംഘ്പരിവാറിനോട് വല്ലാത്തൊരു ഹൃദയബന്ധവും അത് കാത്തുസൂക്ഷിക്കുന്നു. പലപ്പോഴും *ജന്മഭൂമി*യെക്കാൾ മികച്ച സംഘ് ജിഹ്വയാകാൻ അതിന് സാധിച്ചിട്ടുമുണ്ട്. മതേതര പത്രം എന്ന നാട്യം നിലനിർത്തിക്കൊണ്ട് സംഘ്താൽപര്യങ്ങൾ സംരക്ഷിക്കാൻ പത്രാധിപർ കണ്ടുപിടിച്ച ഉപായങ്ങളാണ് മിക്കപ്പോഴും ‘ആക്ഷേപങ്ങളും അഭിപ്രായങ്ങളും’ കോളത്തിൽ തെളിഞ്ഞു വരാറുള്ളത്. ഒരു നിശ്ചിത കാലയളവിൽ ഈ കോളത്തിൽ വന്ന കത്തുകൾ സമാഹരിക്കുക. അതിൽ ആർ.എസ്.എസിന്റെ ആശയ പ്രചാരണത്തിനും വർഗീയ പ്രചാരണത്തിനും നീക്കിവെച്ച കത്തുകളെത്ര എന്ന കണക്കെടുക്കുക. ആശ്ചര്യകരമായിരിക്കും ആ കണക്ക്. ഒന്നുകിൽ ഡസ്കിൽ നിന്ന് തന്നെ ആരെങ്കിലും ആർ.എസ്.എസിനു വേണ്ടി കത്തുകൾ തയാറാക്കുന്നു; അല്ലെങ്കിൽ സംഘടിതമായ സംഘ് അനുകൂല കത്തുകൾ അയക്കാനും അത് നിരന്തരം പ്രസിദ്ധീകരിക്കാനുമുള്ള പദ്ധതി നിലനിൽക്കുന്നു. ബി.ജെ.പി തന്നെ തള്ളിപ്പറഞ്ഞ വരുൺ ഗാന്ധിയുടെ പിലിബിത്ത് പ്രസംഗത്തെ അനുകൂലിച്ച് വരെ ഈ കോളത്തിൽ കത്തുകൾ വന്നിരുന്നു (06-04-09). മതേതര സംസ്കാരത്തെ ഉയർത്തിപ്പിടിക്കുന്നതും സംഘ് കാഴ്ചപ്പാടുകളെ എതിർക്കുന്നതുമായ ലേഖനങ്ങൾ *മാതൃഭൂമി*യിൽ പ്രസിദ്ധീകരിക്കാറുണ്ട്. പക്ഷേ, അടുത്ത ദിവസം മുതൽ കാണാം, കാക്കക്കൂട്ടിന് കല്ലേറ് കൊണ്ടാലെന്ന വണ്ണം സംഘ് അനുകൂല കത്തുകളുടെ പ്രളയമായിരിക്കും. അതിൽ നാട്ടിൽ കിട്ടുന്ന സകല വിഷവാക്കുകളും കുത്തി നിറച്ചിരിക്കും. അങ്ങനെ വായനക്കാരുടെ ജനാധിപത്യ അവകാശം *മാതൃഭൂമി* എപ്പോഴും ഉയരത്തിൽ ഉയർത്തിപ്പിടിക്കുന്നു! പത്രത്തോടൊപ്പം ഒരു സംസ്കാരവും!

കാഴ്ചപ്പാടുകളിൽ നിന്ന് മുക്തമാകാൻ പലപ്പോഴും കോടതികൾക്ക് കഴിയാറില്ല. സുപ്രീം കോടതി ജഡ്ജി മർകണ്ഡേയ കട്ജുവിന്റെ കുപ്രസിദ്ധമായ താലിബാൻ

വിധി അതാണ് നമുക്ക് അടിവരയിട്ട് കാണിച്ചു തന്നത് (കട്ജു പിന്നീട് വിഷയത്തിൽ ഖേദപ്രകടനം നടത്തുകയുണ്ടായി). ജഡ്ജിമാർ പത്രം വായിക്കരുതെന്നല്ല പറയുന്നത്. പക്ഷേ, എം.ആർ അജയനെപ്പോലുള്ള പത്രപ്രവർത്തക കേസരികളുടെ സ്റ്റോറികൾ മാത്രം അവലംബമാക്കുന്നത് വല്ലാത്തൊരു പ്രതിസന്ധി തന്നെയാണ്. സെപ്റ്റംബർ 30-ന്റെ കേരളാ ഹൈക്കോടതിയിലെ കെ.ടി ശങ്കരന്റെ വിധി കോടതികളുടെ ഈ പ്രത്യയശാസ്ത്ര ആഭിമുഖ്യത്തെയാണ് തുറന്നു കാണിക്കുന്നത്. പത്തനംതിട്ടയിലെ പ്രണയവുമായി ബന്ധപ്പെട്ട വിഷയത്തിൽ തങ്ങളെ കള്ളക്കേസിൽ കുടുക്കാൻ ശ്രമിക്കുന്നുവെന്നും അതിനാൽ മുൻകൂർ ജാമ്യം നൽകണമെന്നുമാവശ്യപ്പെട്ടാണ് ഷഹൻഷാ, സിറാജുദ്ദീൻ എന്നിവർ ഹൈക്കോടതിയെ സമീപിക്കുന്നത്. മുൻകൂർജാമ്യം നൽകിയില്ലെന്നു മാത്രമല്ല, അനാവശ്യമായ പരാമർശങ്ങൾ നടത്തുകയാണ് കോടതി ചെയ്തത്. അതുവരെ സംഘ്പരിവാറും കുമ്മനം രാജശേഖറും *മനോരമ*യും *ജൻമഭൂമി*യും മാത്രം ഉപയോഗിച്ചിരുന്ന ലവ് ജിഹാദ് എന്ന പദം ജഡ്ജിയും ഉദ്ധരിക്കുകയായിരുന്നു. കുമ്മനം രാജശേഖർ കവലപ്രസംഗങ്ങളിൽ ഈ വിഷയത്തിൽ പറയുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും അന്വേഷിക്കണമെന്ന മട്ടിലാണ് കോടതി വിധി പറഞ്ഞത്.

## ലക്ഷ്യം വർഗീയവൽക്കരണം

ലവ് ജിഹാദുമായി ബന്ധപ്പെട്ട അറപ്പുളവാക്കുന്ന വാർത്തകളാണ് സംഘ്പരിവാർ കേന്ദ്രങ്ങൾ നിരന്തരം പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നത്. ഹിന്ദുത്വ വിഷം പ്രചരിപ്പിക്കുന്ന haindavakeralam.org എന്ന വെബ്സൈറ്റിൽ അടുത്ത ദിവസം വന്ന ഒരു പോസ്റ്റ് ഇപ്രകാരമാണ്: After Love Jihad, It's time for 'Clinical Jihad'. കോഴിക്കോട് മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് ഡോക്ടർമാരുടെ ഒരു ജിഹാദീ സംഘം പ്രവർത്തിക്കുന്നുണ്ടത്രെ. ഹിന്ദു രോഗികൾക്ക് അനാവശ്യമായതും വിലകൂടിയതുമായ മരുന്നുകൾ കുറിച്ചു കൊടുക്കുക, അവരെ നിത്യരോഗികളാക്കുന്ന മരുന്നുകൾ കുറിച്ചുകൊടുക്കുക തുടങ്ങിയവയാണത്രേ ഈ സംഘത്തിന്റെ ചുമതല. 'ക്ലിനിക്കൽ ജിഹാദ്' എന്നാണ് വെബ്സൈറ്റ് ഈ സംഘത്തിന് പേരിട്ടിരിക്കുന്നത്!

പുഴുവരിക്കുന്ന ഒരു മനസ്സിൽ നിന്ന് മാത്രമേ ഇത്തരം ഒരു വാർത്ത പുറത്തുവരൂ. ഇതിലൂടെ അവർ ഉന്നംവെക്കുന്നതെന്താണ്? മുസ്‌ലിം ഡോക്ടറെ സമീപിക്കുന്ന ഹിന്ദു രോഗിയിൽ സംശയത്തിന്റെ വിത്ത് മുളപ്പിക്കുക. അങ്ങനെ എല്ലാ തലങ്ങളിലും സംശയവും അകൽച്ചയും പടർത്തുക എന്ന വിശാല സംഘ് അജണ്ട പല വഴിയിൽ ചുരുൾ നിവരുന്നതിന്റെ സൂചനകളാണിത്. നാളെ *മനോരമ*യും *കൗമുദി*യും ക്ലിനിക്കൽ ജിഹാദിനെക്കുറിച്ച് പരമ്പര എഴുതുമെന്ന് അവർക്കറിയാം. മറ്റന്നാൾ വിഷയത്തിൽ കോടതി അന്വേഷണ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യും. സംഘ്പരിവാർ മൊത്തത്തിലും ആർ.എസ്.എസ് സവിശേഷമായും അനുഭവിക്കുന്ന പ്രതിസന്ധികളിൽ നിന്ന് മോചനം നേടാനുള്ള വഴി കൂടിയാണ് അവർ അന്വേഷിക്കുന്നത്. ശാഖകളുടെയും ശാഖകളിൽ പങ്കെടുക്കുന്നവരുടെയും എണ്ണം നാൾക്കുനാൾ കുറയുന്നത് സംഘികളെ ഖിന്നരാക്കുന്നുണ്ട്. ചെറുപ്പക്കാരെ ആകർഷിക്കാൻ ആർ.എസ്.എസ് അതിന്റെ യൂനിഫോമിൽ തന്നെ മാറ്റങ്ങൾ വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതായി വാർത്തകൾ വന്നിരുന്നു. ചെറുപ്പക്കാരെ കിട്ടാതാവുമ്പോൾ അവരെ പിരികയറ്റുകയാണ് എളുപ്പവഴി. അതിന് ഏറ്റവും മികച്ച മാർഗം മുസ്‌ലിംവിരുദ്ധ ഹിസ്റ്റീരിയ വളർത്തുകയാണെന്ന് സംഘികൾക്ക് നന്നായി അറിയാം.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ക്ലാസെടുക്കാൻ വന്ന സംസ്ഥാനത്തിന് പുറത്തു നിന്നുള്ള ഒരധ്യാപകൻ തന്റെ മുന്നിലെ വിദ്യാർഥികളെ കണ്ട് ഒരിക്കൽ ഇങ്ങനെ ചോദിച്ചത്രേ: 'ഇതെന്താ അറബിക് കോളേജ് ആണോ?' മെഡിക്കൽ കോളേജിലെ ശിരോവസ്ത്രധാരികളായ വിദ്യാർഥികളുടെ ആധിക്യമാണ് ആ അധ്യാപകനെക്കൊണ്ട് ഇങ്ങനെ ചോദിപ്പിച്ചത്. കേരളത്തിലെ പ്രഫഷനൽ കലാലയങ്ങളിൽ മുസ്‌ലിം കുട്ടികൾ പ്രത്യേകിച്ച് പെൺകുട്ടികൾ ധാരാളമായി പഠിക്കുന്നത് സംഘികളെ അസൂയപ്പെടുത്തുന്നുണ്ട്. അവരുടെ ഇസ്‌ലാമികമായ ജീവിതം കാമ്പസിൽ മറ്റുള്ളവർക്ക് ഇസ്‌ലാമിനെ പഠിക്കാനുള്ള അവസരവും ഉണ്ടാക്കുന്നുണ്ട്. വിദ്യാഭ്യാസ രംഗത്തുണ്ടായ മുന്നേറ്റം നിമിത്തം കേരളത്തിലെ മിക്ക കാമ്പസുകളിലും മുസ്‌ലിം വിദ്യാർഥികൾ ഇന്ന് സജീവ സാന്നിധ്യമാണ്. ഇസ്‌ലാമിക വിദ്യാർഥി സംഘടനകളും അവർക്കിടയിൽ കാമ്പസുകളിൽ മുന്നേറ്റം നടത്തുന്നു. ന്യൂനപക്ഷങ്ങൾ എന്നും അരികുകളിൽ കഴിയണമെന്ന് കരുതുന്ന സംഘ്പരിവാറിന് കേരളത്തിലെ പുതുതലമുറ മുസ്‌ലിംകൾ നടത്തുന്ന ഈ ക്രിയാത്മക മുന്നേറ്റത്തെ ഉൾക്കൊളളാൻ കഴിയുന്നില്ല. കാമ്പസിലെ മുസ്‌ലിം വിദ്യാർഥികൾക്കെതിരെ സഹപാഠികൾക്കിടയിൽ സംശയത്തിന്റെ മുന കൂർപ്പിച്ച് വെക്കുക എന്നതാണ് സംഘ്പരിവാർ സ്പോൺസർ ചെയ്യുന്ന ഈ മാധ്യമ അജണ്ടയിലൂടെ തെളിയുന്നത്.

പ്രണയത്തിൽ കുടുങ്ങിയ പെൺകുട്ടികളുടെ പലതരം കണക്കുകൾ ഇവർ പുറത്തുവിട്ടിട്ടുണ്ട്. എല്ലാം ആയിരത്തിന്റെ കണക്കുകളാണ്. എ.ബി.വി.പിയുടെ ജെ.എൻ.യു ലഘുലേഖ പ്രകാരം 4000 പെൺകുട്ടികളാണ് പ്രണയജിഹാദിൽ കുടുങ്ങിയത്. ഹിന്ദു ഐക്യവേദിയും കാത്തലിക് ബിഷപ് കൗൺസിലും വ്യത്യസ്തമായ കണക്കുകൾ നൽകിയിട്ടുണ്ട്. തങ്ങളുടെ സമുദായത്തിലെ ആയിരക്കണക്കിന് പെൺകുട്ടികൾ ഇങ്ങനെ അന്യസമുദായക്കാരന്റെ പ്രണയിനികളായി മാറുന്നുവെന്ന് പറയുന്ന സമുദായ നേതാക്കൾ യഥാർഥത്തിൽ സ്വന്തം സമുദായത്തിലെ ചെറുപ്പക്കാരെയാണ് പരിഹസിക്കുന്നത്. ഒന്ന് മനസ്സു നിറയെ പ്രണയിക്കാൻ പോലുമറിയാത്ത ഷണ്ഡൻമാരാണ് ഹിന്ദു-ക്രിസ്ത്യൻ ചെറുപ്പക്കാർ എന്നാണോ ഇവർ പറയുന്നത്? അങ്ങനെയെങ്കിൽ ഇത് വല്ലാത്ത കഷ്ടം തന്നെ!

കത്തോലിക്കരുടെ 'ജാഗ്രത' ലഘുലേഖ ക്രിസ്ത്യൻ കുടുംബങ്ങൾക്ക് ഒട്ടേറെ മുൻകരുതൽ നടപടികൾ നിർദേശിക്കുന്നുണ്ട്. മൊബൈൽ ഫോൺ നിയന്ത്രിക്കുക, ഇന്റർനെറ്റ് നിയന്ത്രിക്കുക, റൂം അധികസമയം അടച്ചിടാൻ അനുവദിക്കാതിരിക്കുക തുടങ്ങി വീട്ടിൽ ഒരു ഹോസ്റ്റൽ വാർഡനെപ്പോലെ പെരുമാറണമെന്ന മട്ടിലാണ് ജാഗ്രതാ നിർദേശം. മൊബൈൽ ഫോണിന് നിയന്ത്രണം വരുത്തുന്നതോടുകൂടി പ്രണയം അവസാനിപ്പിക്കാമെന്ന് കരുതുന്നവർ ഈ നൂറ്റാണ്ടിലും ജീവിച്ചിരിക്കുന്നുവെന്നത് അത്ഭുതം തന്നെ. പ്രണയം എല്ലാ മതിലുകളും പൊളിച്ചെറിയുന്ന തീവ്രവികാരമാണ്. അതിന് പലപ്പോഴും കണ്ണും മൂക്കുമുണ്ടാവില്ല. കാമ്പസിൽ അത് സർവസാധാരണവുമാണ്. അതിന് മതവും ജാതിയുമില്ല. എല്ലാ മതത്തിലും ജാതിയിലും പെട്ടവർ അതിന്റെ ആനന്ദം അനുഭവിക്കുന്നുണ്ട്; അതിന്റെ അപകടങ്ങളിൽ ചെന്ന് ചാടുന്നുമുണ്ട്. അക്കാര്യത്തിൽ പൊതുവായി ചെയ്യാൻ കഴിയുന്നത് രക്ഷിതാക്കളും അധ്യാപകരും കുട്ടികളുമെല്ലാം ഒത്തു ചേർന്ന് ആലോചിക്കുകയാണ് ആരോഗ്യകരം. അല്ലാതെ അതിനെയും മതപരമായ ഇടുങ്ങിയ കണ്ണോടെ കാണാനാണ് പദ്ധതിയെങ്കിൽ കാര്യങ്ങൾ കൂടുതൽ വഷളാവുകയേ ഉള്ളൂ. എന്തു പറഞ്ഞാലും നമുക്കെല്ലാവർക്കും ഈ മണ്ണിൽ തന്നെ ജീവിച്ചു മരിക്കാനുള്ളതാണ്. ബന്ധങ്ങളാണ് നമ്മെ

നിലനിർത്തുന്നത്. ആ ബന്ധങ്ങളിൽ സംശയത്തിന്റെ ഇരുൾ പരത്തിയാൽ അതിന്റെ നഷ്ടം എല്ലാവർക്കുമാണ്. കച്ചവടത്തിൽ മാത്രം കണ്ണുവെക്കുന്ന മാധ്യമങ്ങൾക്ക് അത് കാണാൻ കഴിഞ്ഞെന്നു വരില്ല; പക്ഷേ, മതനേതാക്കൾ അങ്ങനെയാവരുത്. ■

cdawud@gmail.com